


**'The essence of education onsists in drawing out the very best that is in you'**

KERALA PRIVA

# COLLEGE TEACHE

THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATI

O. 148 OCTOBER 1

# പ്രൊഫ. സുധീഷിനെ തിരിച്ചെടുക്കണം

## എ.കെ.പി.സി.ടി.എ നേതാക്കൾ ഉപവാസ സത്യഗ്രഹം നടത്തി



ശ്രീ വരദരാജൻ ഉദ്ഘാടനപ്രസംഗം നടത്തുന്നു

പുനലൂർ എസ്.എൻ. കോളേജ് അദ്ധ്യാപകനായ പ്രൊഫ. എസ്. സുധീഷിനെ അന്യായമായി പിരിച്ചുവിട്ടതിൽ പ്രതിഷേധിച്ചും ഉടൻ തന്നെ അദ്ദേഹത്തെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടും AKPCTA പ്രവർത്തകസമിതി അംഗങ്ങൾ SN ട്രസ്റ്റ് പടിക്കൽ ഉപവാസ സത്യഗ്രഹം നടത്തി. NGO യൂണിയൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. വരദരാജൻ സത്യഗ്രഹം ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റിന്റെ അഴിമതിയെപ്പറ്റി പറഞ്ഞുവെന്ന നിസ്സാര കാരണത്താലാണ് പ്രൊഫ. സുധീഷിനെ പിരിച്ചുവിട്ടിരിക്കുന്നത്. ഇതിനെതിരെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ബഹുജനങ്ങളുടെയും അതിശക്തമായ സമരത്തിന് തുടക്കം കുറിച്ചിരിക്കുകയാണെന്ന് ശ്രീ. വരദരാജൻ പറഞ്ഞു. എസ്.എൻ. മാനേജ്മെന്റ് ശ്രീനാരായണതത്വങ്ങളിൽ വിശ്വസിക്കുന്നുവെങ്കിൽ പ്രൊഫ. സുധീഷിനെ ഉടൻ തിരിച്ചെടുക്കണമെന്ന് സമരസഹായസമിതി ചെയർമാനും CITU ജില്ലാ സെക്രട്ടറിയുമായ ശ്രീ. പി. കേശവൻനായർ അഭിപ്രായപ്പെട്ടു. NGO യൂണിയൻ ജില്ലാ സെക്രട്ടറി ശശീന്ദ്രൻ. സി.പി.ഐ. (എം) നേതാവ് ഏണസ്റ്റ്, AKPCTA പ്രസിഡന്റ് പ്രൊഫ. ജോയ് ജോബ് കുളവേലിൽ, ജനറൽ സെക്രട്ടറി പ്രൊഫ. കെ.പി. ദിവാകരൻ നായർ, ട്രഷറർ പ്രൊഫ. ആർ. മോഹൻകുമാർ, എസ്.എൻ. കോ ഓർഡിനേഷൻ സെക്രട്ടറി ഡോ. ജി. രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. നിരവധി സംഘടനകൾ പ്രകടനമായെത്തി സത്യഗ്രഹത്തിന് അഭിവാദ്യമർപ്പിച്ചു.

പ്രൊഫ. സുധീഷിനെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എകെപിസിടിഎ നടത്തുന്ന പ്രക്ഷോഭത്തിന്റെ അടുത്ത ഘട്ടമായി **1998** ഒക്ടോബർ **31** ശനിയാഴ്ച കൊല്ലത്ത് എസ്.എൻ. ട്രസ്റ്റ് പടിക്കൽ കോളേജധ്യാപകരുടെ വമ്പിച്ച പ്രകടനം ഉണ്ടായിരിക്കുന്നതാണ്.

# എഡിറ്റോറിയൽ

## യു ജി സി സമരം

നാലുലക്ഷത്തോളം കോളേജ് യൂണിവേഴ്സിറ്റി അധ്യാപകർ ഐഫക്ടോയുടെ നേതൃത്വത്തിൽ. 1998 ആഗസ്റ്റ് 11 മുതൽ അഖിലേന്ത്യാവ്യാപകമായി നടത്തിയ പണിമുടക്ക് എച്ച്.ആർ.ഡി. മന്ത്രിയുമായി നടന്ന ചർച്ചയിലുണ്ടായ ഒത്ത്തീർപ്പ് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ 5-ന് പിൻവലിച്ചു. റസ്തോഗികമ്മിറ്റി റിപ്പോർട്ടും അതിന്മേൽ യുജിസി നടത്തിയ ശുപാർശകളും അവഗണിച്ചുകൊണ്ട് കേന്ദ്രഗവണ്മെന്റ് ഏകപക്ഷീയമായി നടത്തിയ പ്രഖ്യാപനങ്ങൾ പിൻവലിപ്പിക്കുന്നതിനും അധ്യാപകർക്ക് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനും പണിമുടക്ക് സമരംകൊണ്ട് കഴിഞ്ഞു. ഉന്നതവിദ്യാഭ്യാസരംഗത്ത് അഖിലേന്ത്യാതലത്തിൽ ഇതിനുമുൻപൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള പണിമുടക്ക് സമരമാണ് നടന്നത്. ഐഫക്ടോയുടെ ഘടകസംഘടനകളായ എകെപിസിടിഎയുടെയും എകെജിസിടിയുടെയും നേതൃത്വത്തിൽ കേരളത്തിൽ നടന്ന പണിമുടക്കിൽ പങ്കെടുത്ത എല്ലാ അധ്യാപകരെയും അഭിവാദ്യം ചെയ്യുന്നു.

1976-ൽ കേന്ദ്രഗവണ്മെന്റ് പ്രഖ്യാപിച്ച യുജിസിയുടെ മൂന്നാം ശമ്പളപരിഷ്കരണം കേരളത്തിലെ കോളേജധ്യാപകർക്ക് ലഭ്യമാക്കുവാൻ എകെപിസിടിഎയും എകെജിസിടിയും ഉൾപ്പെട്ട സംയുക്തസമരസമിതിയുടെ നേതൃത്വത്തിൽ വളരെയേറെ പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തുകയുണ്ടായി. പക്ഷേ, സർക്കാരിന്റെ അനാസ്ഥയും ബ്യൂറോക്രസിയുടെ നിസ്സഹകരണവും മൂലം ഇവയൊന്നും ഫലവത്തായില്ല. 1986-ൽ നടപ്പാക്കേണ്ടിയിരുന്ന നാലാം ശമ്പളപരിഷ്കരണം 1987-ൽ പ്രഖ്യാപിക്കപ്പെട്ടപ്പോൾ, അതിലെ അധ്യാപകവിരുദ്ധ നിർദ്ദേശങ്ങൾ മാറ്റിയെടുക്കുന്നതിന് ഐഫക്ടോയുടെ നേതൃത്വത്തിൽ അഖിലേന്ത്യാവ്യാപകമായി ഒരു മാസം നീണ്ടുനിന്ന പണിമുടക്ക് നടത്തേണ്ടിവന്നു. അതിന്റെ ഫലമായി വർക്ക്ലോഡിൽ വരുത്തിയ വർദ്ധനവ് കുറയ്ക്കുന്നതിനും കോളേജുകളിൽ റീഡർതസ്തികനടപ്പാക്കിക്കിട്ടുന്നതിനും കഴിഞ്ഞു. തുടർന്ന് സംയുക്തസമരസമിതിയുടെ നേതൃത്വത്തിൽ നടന്ന സമരപരമ്പരകളുടെയും ശക്തമായ ഇടപെടലുകളുടെയും ഫലമായി അന്നത്തെ ഇടതുപക്ഷ സർക്കാർ യുജിസിയുടെ നാലാംശമ്പളപരിഷ്കരണം 1-1-86 മുതലുള്ള മുൻകാല പ്രാബല്യത്തോടെ കേരളത്തിൽ നടപ്പിലാക്കി.

പത്ത് വർഷത്തിലൊരിക്കൽ നടത്തേണ്ട ശമ്പളപരിഷ്കരണം 1-1-96 മുതൽ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 1994 ആഗസ്റ്റിൽ പ്രൊഫ. റസ്തോഗി ചെയർമാനായുള്ള കമ്മിറ്റി നിയമിതമായി. ഐഫക്ടോയും വിവിധ സംസ്ഥാനങ്ങളിൽ ഐഫക്ടോയുടെ ഘടകസംഘടനകളും - കേരളത്തിൽ എകെപിസിടിഎ, എകെജിസിടി - കമ്മിറ്റിക്ക് വിശദമായ നിവേദനങ്ങൾ നല്കുകയുണ്ടായി. തെളിവെടുപ്പുകളുടെയും തയ്യാറാക്കലുകളുടെയും പേരിൽ മൂന്ന് കൊല്ലമായിട്ടും കമ്മിറ്റിറിപ്പോർട്ട് സമർപ്പിച്ചില്ല. ഇതിൽ ഐഫക്ടോ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. 1997 മേയ് 28-ന് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഔദ്യോഗികമായി പ്രസിദ്ധീകരിച്ചില്ലെങ്കിലും റിപ്പോർട്ടിലെ ഉള്ളടക്കം പുറത്തായി. ശമ്പളസ്കെയിലുകൾ, ഫിക്സേഷൻ ഫോർമുല, വർക്ക്ലോഡ്, ഗ്രേഡ്പ്രൊമോഷൻ, കേന്ദ്രസാമ്പത്തിക സഹായം, എല്ലാ സംസ്ഥാനങ്ങളിലും ഒരേ തീയതിയിൽ ഒരേപോലെ നടപ്പാക്കുന്നതിനുള്ള നിർദ്ദേശം നല്കൽ തുടങ്ങിയ കാര്യങ്ങളിൽ ഈ റിപ്പോർട്ടിലെ ശുപാർശകൾ അധ്യാപകർക്ക് അംഗീകരിക്കാൻ കഴിയാത്തവയായിരുന്നു. റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നും ഐഫക്ടോയുമായി ചർച്ചചെയ്ത് അപാകതകൾ പരിഹരിച്ച് നടപ്പാക്കണമെന്നും ആവശ്യപ്പെട്ട് 1997 ആഗസ്റ്റ് 5-ന് അഖിലേന്ത്യാവ്യാപകമായി അവകാശദിനാചരണവും പ്രതിഷേധയോഗങ്ങളും നടത്തി. തുടർന്ന് യു.ജി.സി.യും ഐഫക്ടോയും ആയി ആഗസ്റ്റ് 14-ന് നടന്ന ചർച്ചയിൽ സംഘടനാനേതൃത്വം ഉന്നയിച്ച ആവശ്യങ്ങൾ സംബന്ധിച്ച് അനുകൂലമായ പ്രതികരണമാണ് യുജിസിയുടെ ഭാഗത്ത് നിന്നുമുണ്ടായത്. ഐഫക്ടോ ഉന്നയിച്ച 35 ഇന അവകാശപത്രികയിലെ ആവശ്യ


KERALA PRIVATE COLLEGE TEACHER
(monthly journal of AKPCTA)

***Editorial Board***

- A. Prathapachandran Nair (Chief Editor)
- T.N. Manoharan (Managing Editor)
- Joy Job Kulavelil • K.P. Divakaran Nair
- Dr. P.J. Philip • M.P. Lalitha Bai
- R. Mohankumar • K.S. Pavithran
- Dr. R.B. Rajalekshmy • K.C. Kuttappan Nair
- Shahul Hameed • Mathew. J. Muttath
- S. Jayarajkumar • D. Thomas
- G.S. Suresh • M.S. Vasanthakumar
- Dr. C.R. Prasad • M.D. Ratheeshkumar
- J. Raju • Dr. K.H. Subrahmanian


**COVER :**
***Designed by M.S. Vasanthakumar***

ങ്ങൾ കണക്കിലെടുത്ത് റിപ്പോർട്ടിൽ വേണ്ട മാറ്റങ്ങൾ വരുത്താൻ യു.ജി.സി. തയ്യാറായി. എന്നാൽ റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് കാലവിളംബം വരുത്തുകയുണ്ടായി. ഇതിനിടെ, കേന്ദ്രസർക്കാർ ജീവനക്കാരുടെ സേവനവേതനഘടന പരിഷ്കരിക്കുന്നതിനുവേണ്ടി നിയമിതമായ ജസ്റ്റിസ്. പാണ്ഡ്യൻ കമ്മിറ്റിഗവണ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. ജീവനക്കാരുടെ സംഘടനകളുമായി ചർച്ചചെയ്ത് പ്രതിലോമകരമായ ശുപാർശകളിൽ ഭേദഗതി വരുത്തി അന്നത്തെ കേന്ദ്രഗവണ്മെന്റ് ഈ റിപ്പോർട്ട് നടപ്പിലാക്കി. പ്രസ്തുത സാഹചര്യത്തിലാണ് ഒക്ടോബർ 26 മുതൽ 28 വരെ ബീഹാറിലെ ബറൂണിയിൽ ചേർന്ന ഐഫക്ടോസ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് ഡിസംബർ 9-ന് സൂചനാ പണിമുടക്കും, തുടർന്ന് ശമ്പളപരിഷ്കാരം സംബന്ധിച്ച പ്രഖ്യാപനമുണ്ടാകുന്നില്ലായെങ്കിൽ 1998 ജനുവരി മുതൽ അനിശ്ചിതകാലപണിമുടക്കും നടത്തുവാൻ തീരുമാനിച്ചത്. ഡിസംബർ 9-ന്റെ സൂചനാ പണിമുടക്കിന് ശേഷമാണ് റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കപ്പെട്ടത്. എന്നാൽ ജനുവരിയിൽ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടതിനാൽ അനിശ്ചിതകാലപണിമുടക്ക് മാറ്റിവയ്ക്കേണ്ടിവന്നു.

പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ചാംശമ്പളപരിഷ്കരണം അടിയന്തിരമായി നടപ്പാക്കണമെന്നും ഈ ആവശ്യം ഉന്നയിച്ച് അനിശ്ചിതകാല പണിമുടക്കിനു തീരുമാനമെടുത്തിട്ടുണ്ടെന്നും ഐഫക്ടോ സർക്കാരിനെ അറിയിക്കുകയുണ്ടായി. 1998 ഏപ്രിൽ 10-ന് എച്ച്.ആർ.ഡി. മന്ത്രി ഐഫക്ടോ സെക്രട്ടറിയേറ്റ് അംഗങ്ങളുമായും സെൻട്രൽയൂണിവേഴ്സിറ്റി അധ്യാപകസംഘടനാ നേതാക്കളുമായും ചർച്ചനടത്തി. എന്നാൽ സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിക്കാൻ ഒട്ടും തയ്യാറല്ല എന്ന നിലപാടാണ് മന്ത്രി സ്വീകരിച്ചത്. ശമ്പളപരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 20 ദിവസത്തെ കാലയളവ് മന്ത്രി ആവശ്യപ്പെട്ടു. ഏപ്രിൽ 24-ന് ഇറക്കിയ പത്രക്കുറിപ്പിലൂടെ ശമ്പള പരിഷ്ക്കരണം പ്രഖ്യാപിച്ചു. ഏകപക്ഷീയമായ ഈ പ്രഖ്യാപനത്തിൽ ശമ്പള സ്കെയിലുകൾ, മൂന്നാമത്തെ ഗ്രേഡ്, കേന്ദ്രസാമ്പത്തിക സഹായം, പ്രമോഷനുള്ള സീനിയോറിറ്റി മാനദണ്ഡം, ഫിക്സേഷൻ ഫോർമുല, എല്ലായിടത്തും ഒരേ തീയതിയ്ക്ക് നടപ്പാക്കാൻ തുടങ്ങി ഐഫക്ടോ ഉന്നയിച്ച ആവശ്യങ്ങളെല്ലാം നിരസിക്കപ്പെടുകയാണുണ്ടായത്. ഗ്രേഡ് പ്രൊമോഷൻ ഉൾപ്പെടെ പല കാര്യങ്ങളിലും റസ്തോഗികമ്മിറ്റി ശുപാർശകളിൽ നിന്നുപോലും പുറകോട്ടുപോയി. സർക്കാരിന്റെ പ്രഖ്യാപനം ഇന്ത്യയിലെ കോളേജ് - യൂണിവേഴ്സിറ്റി അധ്യാപകർ ഒന്നടങ്കം തള്ളിക്കളഞ്ഞു. മേയ് 20-ന് എച്ച്.ആർ.ഡി മന്ത്രി വീണ്ടും ഐഫക്ടോ നേതൃത്വവുമായി ചർച്ച നടത്തിയെങ്കിലും മുൻപ്രഖ്യാപനത്തിൽ യാതൊരു മാറ്റം വരുത്തുന്നതിനും തയ്യാറായില്ല.

ഈ സാഹചര്യത്തിലാണ് ജൂൺ 7-ന് സിംലയിൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് ഓഗസ്റ്റ് 11 മുതൽ കോളേജ്-യൂണിവേഴ്സിറ്റി അധ്യാപകർ അനിശ്ചിതകാല പണിമുടക്ക് നടത്തുന്നതിന് തീരുമാനിച്ചത്.

റസ്തോഗികമ്മിറ്റി റിപ്പോർട്ടിൽ അധ്യാപക വൃത്തിക്ക് ഏറ്റവും ഉന്നതസ്ഥാനം നല്കികൊണ്ട് 'Mother of all professions' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ ശമ്പളസ്കെയിലുകളും ഗ്രേഡുകളും നിശ്ചയിക്കുന്ന കാര്യത്തിൽ കമ്മിറ്റി ഈ കാഴ്ചപ്പാട് പാലിച്ചില്ല. നാമമാത്രമായി നിർദ്ദേശിച്ച ഗ്രേഡുകൾ ലഭ്യമാകുന്നതിനുതന്നെ കടമ്പകൾ ഏറെ കടക്കേണ്ടതായും വ്യവസ്ഥ ചെയ്തു. IAS, Class I ഓഫീസർമാർക്ക് തുല്യമായ സ്കെയിലുകളും ഗ്രേഡുകളും ശുപാർശചെയ്തില്ല. വർക്ക്ലോഡിൽ ഭാരിച്ച വർദ്ധനവ് വരുത്തി അധ്യാപകതസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തി. ശമ്പളപരിഷ്കരണം നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന അധികചെലവ് സംബന്ധിച്ച യാതൊരു നിർദ്ദേശവും ഉൾപ്പെടുത്തിയില്ല. നിയമനാധികാരികൾക്ക് അമിതമായ അധികാരം, അധ്യാപകരുടെ പ്രൊബേഷൻ രണ്ടു വർഷമായി വർദ്ധിപ്പിക്കൽ, പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ കോൺട്രാക്ട് ഒപ്പിടണമെന്നുള്ള വ്യവസ്ഥ തുടങ്ങി നിരവധി അദ്ധ്യാപകവിരുദ്ധ നിർദ്ദേശങ്ങൾ അടങ്ങിയതാണ് റസ്തോഗി കമ്മിറ്റി റിപ്പോർട്ട്. ഈ നിർദ്ദേശങ്ങൾ മാറ്റണമെന്നാവശ്യപ്പെട്ട് AIFUCTO ശക്തമായ നിലപാട് എടുത്തതിന്റെ ഫലമായാണ് പ്രസ്തുത നിർദ്ദേശങ്ങൾ മാറ്റുന്നതിന് യു.ജി.സി. തയ്യാറായത്. മാത്രമല്ല, റസ്തോഗി കമ്മിറ്റി ശുപാർശ ചെയ്ത സ്കെയിലുകളിൽ കാര്യമായ വർദ്ധനവ് വരുത്തികൊണ്ട് യു.ജി.സി. ശുപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ ഇത് ഔദ്യോഗികമായി ഗവണ്മെന്റിന് സമർപ്പിക്കുന്നതിന് യു.ജി.സി.യ്ക്ക് കഴിഞ്ഞിട്ടില്ല. പ്രസ്തുത ശുപാർശകളോട് കർക്കശമായ നിഷേധാത്മക സമീപനമാണ് ഗവണ്മെന്റ് കൈക്കൊണ്ടത്.

AIFUCTO പണിമുടക്ക് സമരവുമായി മുന്നോട്ടു പോകാനുള്ള തീരുമാനം പ്രഖ്യാപിച്ചതിനുശേഷം HRD മന്ത്രി 27-7-98 ന് പുതിയ പ്രഖ്യാപനവും പുറപ്പെടുവിക്കുകയുണ്ടായി. 24-4-98 ന്റെ പ്രഖ്യാപനത്തിൽ നിന്നും അല്പസ്വല്പം പുരോഗതി 27-7-98ന്റെ പ്രഖ്യാപനത്തിൽ വരുത്തുകയുണ്ടായി. 80% ഗ്രാന്റ് സംസ്ഥാനങ്ങൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ചു. റിട്ടയർമെന്റ് പ്രായം 62 ആയി ഉയർത്തി. റസ്തോഗി കമ്മിറ്റി റിപ്പോർട്ടിനേക്കാളും കൂടിയ സ്കെയിലുകൾ റീഡർമാർക്കും പ്രൊഫസർമാർക്കും ശുപാർശചെയ്തു യു.ജി.സി തെരഞ്ഞെടുക്കുന്ന കോളേജുകളിൽ പ്രൊഫസർ തസ്തിക നൽകും. എന്നാൽ അദ്ധ്യാപകർക്ക് അംഗീകരിക്കാൻ പറ്റാത്ത വികലമായ പല നിർദ്ദേശങ്ങളും പ്രസ്തുത പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. 1-1-96 മുതൽ 27-7-98 വരെ റസ്തോഗി നിർദ്ദേശിച്ച സ്കെയിലുകളും, 27-7-98 മുതൽ ഗവണ്മെന്റ് പ്രഖ്യാപിച്ച സ്കെയിലുകളും നടപ്പാക്കുന്നതാണ്. അധിക സാമ്പത്തിക ബാധ്യത 5 വർഷത്തിനുപകരം 4 വർഷം മൂന്നു മാസത്തേക്ക് മാത്രമേ ഏറ്റെടുക്കുകയുള്ളൂ. പാർട്ട് ടൈം അദ്ധ്യാപകരുടെ കാര്യത്തിൽ യാതൊരു പരാമർശവും ഉണ്ടായില്ല. മൂന്നാമതൊരു പ്രമോഷൻ പരിഗണിച്ചില്ല. യു.ജി.സി. നിർദ്ദേശിച്ച സ്കെയിലുകളും അംഗീകരിച്ചില്ല.

AIFUCTO ഉന്നയിച്ച ആവശ്യങ്ങളും തദനുസൃതമായ യു.ജി.സി. നിർദ്ദേശങ്ങളും അംഗീകരിക്കുന്നതിന് കൂട്ടാക്കാത്ത സാഹചര്യത്തിലാണ് ആഗസ്റ്റ് 11-ന് കോളേജ് യൂണിവേഴ്സിറ്റി അദ്ധ്യാപകർ പണിമുടക്കിന് നിർബന്ധിതരായത്. നാലുലക്ഷത്തോളം വരുന്ന അദ്ധ്യാപകരുടെ പണിമുടക്കിനെ തുടക്കത്തിൽ കണ്ടില്ലെന്നു നടിക്കാനും ദൽഹി കേന്ദ്രമാക്കി ചില "തൻപിള്ള" സംഘങ്ങളെ ഉപയോഗിച്ചു സമരം പൊളിക്കാനുമുള്ള ഗൂഢശ്രമവും ഗവണ്മെന്റ് നടത്തി. സമരം ശക്തമായി തുടർന്നു സാഹചര്യത്തിൽ രാഷ്ട്രീയ പ്രേരിതമെന്ന് പറഞ്ഞ് സമരത്തെ നേരിടാനുള്ള ശ്രമവും വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാ

യി. സമരം പിൻവലിച്ചാലേ ചർച്ചയുള്ളൂവെന്ന് മന്ത്രി നിരവധി തവണ പ്രഖ്യാപനം നടത്തി. സമരം ശക്തിപ്പെടുത്തുന്നതിനോ ടനുബന്ധിച്ച് ചരിത്ര സംഭവമായിമാറിയ ദൽഹിയിലെ പതിനാ യിരങ്ങൾ പങ്കെടുത്ത അറസ്റ്റുവരിക്കലും അദ്ധ്യാപകദിനം കരി ദിനമായി ആചരിക്കുന്നതിനുള്ള തീരുമാനവും AIFUCTO പ്രഖ്യാപിക്കുകയാണ്ടായി.

സമരം ഏകപക്ഷീയമായി പിൻവലിപ്പിക്കുന്നതിനു സാദ്ധ്യമ ല്ലെന്നു ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ വകുപ്പുമന്ത്രി AIFUCTO നേതാക്കളുമായി ചർച്ചയ്ക്ക് തയ്യാറാവുകയാണു ണ്ടായത്. സെപ്റ്റംബർ 3,4,5 തീയതികളിൽ യു.ജി.സി. ചെയർ പേഴ്സൺ, എച്ച്.ആർ.ഡി. ഉദ്യോഗസ്ഥർ, മന്ത്രി തുടങ്ങിയവർ AIFUCTO നേതൃത്വവുമായി നിരവധി തവണ ചർച്ചകൾ നടന്നു. ഈ ചർച്ചകളിലുണ്ടായ ഒത്തുതീർപ്പുവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 05-09-98ന് പണിമുടക്ക് സമരം പിൻവലി ക്കുകയാണുണ്ടായത്.

യു.ജി.സി. ശുപാർശകൾ അതേപടി അംഗീകരിച്ചില്ലെങ്കിലും പ്രസ്തുത ശുപാർശകളുടെ അന്തസ്സത്ത ഉൾക്കൊള്ളുന്നതിനും അനുസരിച്ചുള്ള സാമ്പത്തിക നേട്ടങ്ങൾ അദ്ധ്യാപകർക്ക് ലഭി ക്കുന്നതിനുമുതകുന്ന തീരുമാനങ്ങളാണ് ഒത്തു തീർപ്പ് വ്യവ സ്ഥയിൽ ഉള്ളത്.

ഒരേ തീയതിയിൽ എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കണ മെന്ന് അതാത് സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽ കുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ള സംസ്ഥാനങ്ങൾ അക്കാര്യം ബോദ്ധ്യപ്പെടുത്തിയാൽ കേന്ദ്രഗവൺമെന്റ് 80%-ൽ കൂടുതൽ സഹായം നൽകുന്നത് പരിഗണിക്കും. AIFUCTO ആവശ്യപ്പെട്ട പ്രധാന ആവശ്യങ്ങളിൽ ഒന്നായിരുന്നു ഇത്.

സെലക്ഷൻ ഗ്രേഡ് ലക്ചറർ/റീഡർ തസ്തികയിൽ 5 വർ ഷം പൂർത്തിയായവർക്ക്/പൂർത്തിയാകുന്ന മുറയ്ക്ക് Rs. 4940ൽ അടിസ്ഥാന ശമ്പളം ഫിക്സ് ചെയ്തുകൊടുക്കും.

എം.ഫിൽ/പി.എച്ച്.ഡിയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള അദ്ധ്യാപ കർക്ക് അവരുടെ പ്രവർത്തന പുരോഗതിയുടെ അടിസ്ഥാന ത്തിൽ സാമ്പത്തികമുൾപ്പെടെയുള്ള സഹായം നൽകുന്നതാണ്.

പി.എച്ച്.ഡി. ഇല്ലാത്ത അദ്ധ്യാപകർക്ക് അവരുടെ അദ്ധ്യാപ നത്തിന്റെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രൊഫസർ സ്കെയിൽ നൽകുന്നതിനുള്ള ഒരു സ്കീം തയ്യാറാക്കുന്നതിന് യു.ജി.സിക്ക് നിർദ്ദേശം നൽകുന്നതാണ്.

പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ ശിക്ഷണ നടപ ടികൾ പാടില്ലെന്നും നഷ്ടപ്പെട്ട് സാധ്യായദിവസങ്ങൾ പഠിപ്പിച്ചു നികത്താമെന്ന AIFUCTO നിർദ്ദേശം അംഗീകരിക്കുന്നുവെ ന്നും അതനുസരിച്ച് പണിമുടക്കു കാലത്തെ വേതനം നൽക ണമെന്നും ഒത്തുതീർപ്പു വ്യവസ്ഥയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വർക്ക്ലോഡ്, പ്രമോഷൻ, പ്രൊഫസർ സ്കെയിലനു തുല്യ മായി കോളേജുകളിൽ സ്കെയിൽ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളിൽ വ്യവസ്ഥയുണ്ടാക്കുന്നതിന് യു.ജി.സിയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരിക്കുകയാണ്. വർക്കുലോഡിൽ വർദ്ധനവ് പാടില്ലെന്ന AIFUCTOയുടെ ഒരു പ്രധാന ആവശ്യം പണിമുടക്ക് കാലത്തു നടന്ന ചർച്ചയിൽ യു.ജി.സി. അംഗീകരി ച്ചിട്ടുണ്ട്.

അഞ്ചാം ശമ്പളപരിഷ്കരണം നടപ്പിലായപ്പോൾ AIFUCTO ദീർഘകാലമായി ആവശ്യപ്പെടുന്ന ഐ.എ.എസ്സിനോട് തുല്യത, കോളേജ് യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് തുടക്ക അടിസ്ഥാ നശമ്പളത്തിലെങ്കിലും നടപ്പാക്കി കിട്ടിയിരിക്കുകയാണ്. എം.ഫിൽ പി.എച്ച്.ഡിക്കാർക്ക് തുടക്കശമ്പളമായി യു.ജി.സി. നിർദ്ദേശിച്ച ശമ്പളത്തിനോടടുത്ത സ്കെയിലാണ് ലഭിക്കുന്നത്.

ഉന്നത വിദ്യാഭ്യാസരംഗത്ത് അദ്ധ്യാപകരായി പ്രതിഭകളെ ആകർഷിക്കുന്നതിനും നില നിർത്തുന്നതിനും ഉതകുന്നതക്ക ഒരു സ്കീം ആണ് പരിമിതമായെങ്കിലും അംഗീകരിപ്പിക്കുന്നിന് കഴി ഞ്ഞിട്ടുള്ളത്. 1994-ൽ റസ്തോഗികമ്മിറ്റി നിയമിതമായതുമുതൽ 5-9-98ൽ അഖിലേന്ത്യാ പണിമുടക്ക് പിൻവലിക്കുന്നതുവരെ യുള്ള നാലുവർഷക്കാലത്തെ AIFUCTO യുടെ നിരന്തര പ്രവ ർത്തനങ്ങളും അഖിലേന്ത്യാ പണിമുടക്ക് അടക്കമുള്ള സമരപ രിപാടികളുമാണ് ഈ നേട്ടങ്ങൾ ഉണ്ടാക്കിയെടുത്തത്.

AIFUCTO യുടെ നേതൃത്വത്തിൽ നടന്ന 98 ആഗസ്റ്റ് 11 മുതലുള്ള പണിമുടക്ക് കോളേജ് - യൂണിവേഴ്സിറ്റി അദ്ധ്യാ പകരുടെ സമരചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം എഴുതി ചേർത്തിരിക്കുകയാണ്. കേന്ദ്രഭരണപ്രദേശമുൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലേയും കോളേജ് യൂണിവേഴ്സിറ്റി അദ്ധ്യാപ കർ AIFUCTO യുടെ കൊടിക്കീഴിൽ അണിനിരന്നത് ആവേ ശകരമായ ഒരുഅനുഭവമായിരുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന ഏകസംഘടന AIFUCTO ആണ്. ഇത്രയധികം കോളേജ് - യൂണിവേഴ്സിറ്റി അദ്ധ്യാപകർ പണിമുടക്കിയ സംഭവം ലോകത്തിലാദ്യമാണെന്ന് ബിബിസി, AIFUCTO പ്രസിഡന്റ് പ്രൊഫ. കെ.കെ. തെക്കേ ടത്തിനെ വിളിച്ചറിയിക്കുകയുണ്ടായി.

കേരളത്തിൽ പ്രൈവറ്റ് കോളേജ് അദ്ധ്യാപക മേഖലയിൽ AIFUCTOയിൽ അംഗത്വമുള്ളത് AKPCTAയ്ക്ക് മാത്രമാണ്. ഗവൺമെന്റ് മേഖലയിൽ AKGCTയ്ക്കും. കേരളത്തിലെ കട ലാസ് സംഘടനകൾ പണിമുടക്ക് സമരത്തെ ഗീബൽസിന്റെ തന്ത്രമുപയോഗിച്ച് എതിർക്കുന്നതിന് വൃഥാ ശ്രമം നടത്തുക യുണ്ടായി.

കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ സമര ത്തോടുള്ള സമീപനം എടുത്തുപറയേണ്ടതുണ്ട്. തൊഴിലാളിക ളുടെയും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ന്യായമായ സമരങ്ങളോട് അനുഭാവപൂർവ്വമായ സമീപനം കൈക്കൊള്ളു മെന്നു എൽ.ഡി.എഫിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായ സമീപനമാണ് ഈ സമരത്തോടും സംസ്ഥാന സർക്കാർ അവ ലംബിച്ചത്. സമരം നീട്ടിക്കൊണ്ടുപോകരുതെന്നും എത്ര യുംപെട്ടെന്ന് ഒത്തുതീർപ്പാക്കണമെന്നും മുഖ്യമന്ത്രിയും, വിദ്യാ ഭ്യാസ മന്ത്രിയും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടാ യി. സമര ദിവസങ്ങളിൽ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾക്കു പകരം പഠിപ്പിച്ചുകൊള്ളാമെന്ന സംഘടനയുടെ ഉറപ്പിന്റെ അടി സ്ഥാനത്തിൽ പണിമുടക്ക് ദിവസങ്ങളിലെ ശമ്പളം നൽകുന്ന തിനും നഷ്ടപ്പെട്ട സാധ്യായ ദിവസങ്ങൾക്കുപകരം ശനിയാഴ്ച കളിൽ പ്രവർത്തി എടുക്കണമെന്നും ഗവൺമെന്റ് ഉത്തരവായിട്ടു ണ്ട്. ഈ ഉത്തരവിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഗവൺമെ ന്റിനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

അഖിലേന്ത്യാ പണിമുടക്ക് വിജയിപ്പിക്കുന്നതിനും സമരം ഒത്തുതീർപ്പാക്കുന്നതിനും വിവിധ രാഷ്ട്രീയ പാർട്ടികളുടെ, പ്രത്യേ കിച്ച് സി.പി.എം.ന്റെ, എം.പി.മാരുടെ നിർല്ലോഭമായ സഹായസ

ഹകരണങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ പണിമുടക്ക് സമരം വിജയിപ്പിക്കുന്നതിന് സഹോദരസംഘടനകളുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ കിട്ടിയിട്ടുള്ളതും നന്ദിപൂർവ്വം സ്മരിക്കുന്നു.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണപരവും ഘടനാപരവുമായ മാറ്റം അനിവാര്യമായിരിക്കുന്ന കാലഘട്ടമാണിത്. ഈ മാറ്റത്തിന്റെ മുൻനിര പോരാളികൾ അദ്ധ്യാപകരായിരിക്കണമെന്നതാണ് AIFUCTOയുടെയും AKPCTAയുടെയും സുചിന്തിതമായ കാഴ്ചപ്പാട്. ഇതിന് പ്രോത്സാഹകരമായ സമീപനം ശമ്പളപരിഷ്കരണത്തിനുള്ള സ്കീമിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് നിന്ന് കോളേജുകളെ പടിപടിയായി ഒഴിവാക്കി ഓട്ടോണമസ് കോളേജുകളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സമരത്തിനു മുൻപ് ഗവമ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഈ സമീപനത്തിൽ പാടേ മാറ്റം വരുത്തുന്നതിന് സമരം കൊണ്ട് കഴിഞ്ഞു. കോളേജ് വിദ്യാഭ്യാസം ആകർഷകമാക്കുന്നതിനും വിദ്യാർത്ഥികളുടെ വ്യക്തിവികാസത്തിനും അതിലൂടെ രാജ്യത്തിന്റെ പുരോഗതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും ഉതകുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസം ഉടച്ചുവാർക്കുന്നതിനുള്ള ഉത്തരവാദിത്വം അദ്ധ്യാപകർ ഏറ്റെടുക്കണം. അദ്ധ്യാപകരുടെ കഴിവിനും അന്തസ്സിനും നിരക്കുന്ന രീതിയിലുള്ള ശമ്പള പരിഷ്കരണം നേടി എടുക്കുന്നതിനും അദ്ധ്യാപകരുടെ കടമയും ഉത്തരവാദിത്വവും നിറവേറ്റുന്നതിനുള്ള സാഹചര്യങ്ങൾ നിലനിർത്തുന്നതിനും ശക്തമായ പോരാട്ടങ്ങൾ മേലിലും ആവശ്യമാണ്. ഈ പോരാട്ടങ്ങൾക്ക് തുടർന്നും നേതൃത്വം നൽകുന്നതിന് അഖിലേന്ത്യാതലത്തിൽ AIFUCTOയേയും കേരളത്തിൽ പ്രൈവറ്റ് കോളേജ് തലത്തിൽ AKPCTAയേയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനം അദ്ധ്യാപകരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

കെ.പി. ദിവാകരൻ നായർ,
ജനറൽ സെക്രട്ടറി

## കേരളാ പ്രൈവറ്റ് കോളേജ് ടീച്ചർ
## 150-ാം ലക്കം വിശേഷാൽ പതിപ്പ്

വിശേഷാൽ പതിപ്പിൽ ഉൾപ്പെടുത്താനുള്ള മാറ്ററുകൾ നവംബർ 30-ന് മുൻപായി എത്തിച്ചുതരുക. പരസ്യത്തിനുള്ള താരിഫ്കാർഡുകൾ ജില്ലാസെക്രട്ടറിമാരിൽ നിന്നും ലഭിക്കും. മാനേജിംഗ് എഡിറ്റർക്ക് നേരിട്ട് എഴുതിയാലും അയച്ചുതരുന്നതാണ്. ഓരോ ബ്രാഞ്ചും കുറഞ്ഞത് ഒരു പരസ്യമെങ്കിലും എത്തിക്കാൻ ശ്രദ്ധിക്കുക. പരസ്യം ശേഖരിച്ച് നല്കുന്നവർക്ക് 20% കമ്മിഷൻ നല്കും.

*ചീഫ് എഡിറ്റർ*
എ. പ്രതാപചന്ദ്രൻനായർ
കുരവട്ടം
പരുത്തിപ്പള്ളി പി.ഒ.
തിരുവനന്തപുരം ജില്ല
പിൻ : 695 574
ഫോൺ : 0472-853143

*മാനേജിംഗ് എഡിറ്റർ*
റ്റി.എൻ. മനോഹരൻ
വടയക്കാട്
കുന്നുകുഴി പി.ഒ.
തിരുവനന്തപുരം
പിൻ : 695 037
ഫോൺ : 0471-442634

എകെപിസിടിഎ സംസ്ഥാന കമ്മിറ്റി ഓഫീസ്
വഞ്ചിയൂർ, തിരുവനന്തപുരം - 695 035
ഫോൺ : 0471-463494


*Discount Coupon*

Valid till 31st January 99 for student groups

For a comfortable and economical stay and Dine at Ootacamund

**CASINO LODGE**

*For advance booking:* Contact:

Mr. C.C. Koshy, Proprietor, Casino Lodge,
State Bank Lane,
Ootaccamund 643 001
Phone: 0423-41524, 42932.

# "അദ്ധ്യാപനം മറ്റെല്ലാതൊഴിലുകളുടെയും മാതാവ്"

പ്രൊഫ. ജോയ് ജോബ് കുളവേലിൽ
(സംസ്ഥാന പ്രസിഡന്റ് എ.കെ.പി.സി.ടി.എ)

"ഒരു വർഷത്തേക്കാണ് നിങ്ങൾ പ്ലാൻ ചെയ്യുന്നതെങ്കിൽ ഒരു വിത്തിടുക. പത്തുവർഷത്തേക്കാണെങ്കിൽ മരം നടുക. ഒരു നൂറ്റാണ്ടിലേക്കാണെങ്കിൽ ജനങ്ങളെ പഠിപ്പിക്കുക. ഒരു വിത്തിടുമ്പോൾ ഒരു വിളവെടുപ്പിലൂടെ അത് തീരുന്നു. ജനങ്ങൾക്ക് വിദ്യനൽകുമ്പോൾ നൂറ് വിളവെടുപ്പുകൾക്കാണ് നിങ്ങൾ വിത്തുപാകുന്നത്." 1991-ൽ പുറത്തിറക്കിയ ലോകബാങ്കിന്റെ ആഗോള വികസന റിപ്പോർട്ടിലാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്. ലോകബാങ്കിന്റെ സാമ്പത്തിക കാഴ്ചപ്പാടും രാഷ്ട്രീയവും ഒന്നും ഇവിടെ ചർച്ചചെയ്യുന്നില്ല. പക്ഷേ ഈ പറഞ്ഞതിന്റെ ചുറ്റുവട്ടം എന്താണ് എന്നൊന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു.

ദേശീയ സമ്പത്തിന് പുതിയ അളവുകോലുകൾ (പാരമീറ്ററുകൾ) സൃഷ്ടിച്ചുകൊണ്ട് ഒരു പുതിയ നൂറ്റാണ്ടിന്റെ പിറവിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയാണല്ലോ ലോകം. പ്രകൃതി വിഭവങ്ങളും ഭൗതിക സാഹചര്യങ്ങളും രാജ്യങ്ങളുടെ സമ്പൽ സമൃദ്ധിയുടെ ഒന്നാമത്തെ അളവുകോലായി ഇന്നലെകളിൽ കരുതിയിരുന്നു. എന്നാൽ ഇന്ന് അവയുടെ സ്ഥാനം രണ്ടാമതോ മൂന്നാമതോ ആയാണ് കണക്കാക്കുന്നത്. രാജ്യസമ്പത്തിന്റെ ഒന്നാമത്തെ മാനദണ്ഡമായി ഇന്ന് കണക്കാക്കുന്നത് മനുഷ്യമൂലധനത്തെയാണ്. പോൾറോമർ റോബർട്ട്ലൂകാസ് തുടങ്ങിയ സാമ്പത്തിക ചിന്തകർ എൺപതുകളിലും തൊണ്ണൂറുകളിലും ഊന്നിപ്പറഞ്ഞിരുന്ന ഒരു കാര്യം ഇവിടെ ശ്രദ്ധേയമാണ്. മാനവ വിഭവവികസനത്തിലൂടെ മാത്രമേ സാമ്പത്തിക വികാസം നടക്കുകയുള്ളൂ എന്നതാണ് അത്. അതുകൊണ്ടാണ് പുതിയ വികസന മാതൃകകളിൽ മനുഷ്യവിഭവങ്ങൾക്ക് പ്രമുഖസ്ഥാനം നൽകിയിരിക്കുന്നത്. മനുഷ്യവിഭവങ്ങളുടെ അഥവാ ബൗദ്ധികസ്വത്തിന്റെ വർദ്ധനവാകട്ടെ പഠന ഗവേഷണങ്ങളിലൂടെയേ സാധ്യമാകൂ എന്നതിന് പല വികസിത രാജ്യങ്ങളുടെയും മാതൃക തെളിവായി നമ്മുടെ മുമ്പിലുണ്ട്. ഗവേഷണവും വികസനവും (R&D) എന്നാണ് പറയുന്നതുതന്നെ. വികസിത രാജ്യങ്ങളായ ജപ്പാനിലും ജർമ്മനിയിലും മനുഷ്യ മൂലധനം മൊത്തം മൂലധനത്തിന്റെ എൺപതുശതമാനം വരെയായി ഉയർന്നിട്ടുണ്ട്. അവികസിത സമ്പദ്ഘടനയുള്ള രാജ്യങ്ങളിലാകട്ടെ ഇത് അൻപതു ശതമാനത്തിൽ താഴെ മാത്രമാണ്. ദരിദ്ര സമ്പന്ന രാഷ്ട്രങ്ങൾ തമ്മിലുള്ള അന്തരത്തിൽ മനുഷ്യമൂലധനം വളരെ തന്ത്രപ്രധാനമായ പങ്കാണ് വഹിക്കുന്നത് എന്ന് അർത്ഥം.

നമ്മുടെ ലോകത്തെ ഇന്ന് ഏറ്റവുമധികം സ്വാധിനിച്ചുകൊണ്ടിരിക്കുന്നത് ഇൻഫർമേഷൻ ടെക്നോളജിയാണ്. വ്യവസായിക സമ്പദ്ഘടന അറിവിന്റെ അടിസ്ഥാനത്തിലുള്ള ഒരു സമ്പദ്ഘടനയായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭൗതിക വിഭവങ്ങൾ കൈകാര്യം ചെയ്യുന്നിടത്തു നിന്ന് വിജ്ഞാനത്തെ കൈകാര്യം ചെയ്യാനും സംസ്കരിച്ച് പ്രത്യുൽപ്പാദിപ്പിക്കാനും ഉള്ള സാങ്കേതിക മാറ്റത്തിലൂടെയാണ് വികസിത രാജ്യങ്ങൾ കടന്നു പോകുന്നത്. വ്യാവസായിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അതിപ്രസരമുള്ള ഒരു നൂറ്റാണ്ടിൽനിന്ന് വിജ്ഞാനത്തിന്റെ (knowledge) പുതിയ നൂറ്റാണ്ടിലേയ്ക്കുള്ള ജൈത്രയാത്രയിലാണ് ലോകം. അതുകൊണ്ടു തന്നെ പുതിയ പുതിയ അറിവുകൾ ഉൽപ്പാദിപ്പിക്കാനുള്ള മത്സരമാണ് ലോകമെമ്പാടും. ബ്ലൂ കോളർതൊഴിലാളികൾ (Industrial workers) വൈറ്റ് കോളർ തൊഴിലാളികളായി (Information workers) മാറുന്ന ആഗോള സാഹചര്യങ്ങൾ കാണാതെ നമുക്കിനി മുമ്പോട്ടു പോകാനാവില്ല.

മേൽപ്പറഞ്ഞ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് ലോകരാഷ്ട്രങ്ങൾ ഇന്ന് ഉന്നതവിദ്യാഭ്യാസത്തെ പുനഃസംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചില ഉദാഹരണങ്ങളിലൂടെ ഇക്കാര്യം വ്യക്തമാക്കാം. ഇംഗ്ലണ്ടിൽ സർ റോൺ ഡിയറിംഗ് കമ്മറ്റി പറയുന്നു: "അറിവുനേടിയ സമൂഹത്തിനു മാത്രമേ വിജയകരമായ ഒരു സമ്പദ് വ്യവസ്ഥ ഉണ്ടാവുകയുള്ളൂ." ഡേവിഡ് ഗാർഡനർ ചെയർമാനായുള്ള യു.എസ് കമ്മീഷൻ റിപ്പോർട്ടിന്റെ തലവാചകം തന്നെ-" രാജ്യം അപകടത്തിൽ- വിദ്യാഭ്യാസനവീകരണത്തിന്റെ അനിവാര്യത"- എന്നായിരുന്നു. സോഷ്യലിസ്റ്റ് ചൈനയുടെ മുദ്രാവാക്യം- "ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിലൂടെ വികസനം; അതിലൂടെ സാമൂഹ്യനീതി"- എന്നാണ്. ഉന്നത വിദ്യാഭ്യാസവും ദേശീയ വികാസവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് ഇവയെല്ലാം കാണിച്ചു തരുന്നതെന്ന് സ്പഷ്ടം! ഒരു രാഷ്ട്രത്തിന്റെ വികാസവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലേയ്ക്കും ആവശ്യമായ യോഗ്യതയുള്ള മനുഷ്യശക്തിയെ സൃഷ്ടിച്ചെടുക്കുന്നത് ഉന്നത വിദ്യാഭ്യാസമാണ്. ഭരണനിർവ്വഹണം, രാജ്യരക്ഷ, വാണിജ്യം, വ്യവസായം, ആരോഗ്യം എന്നിങ്ങനെ എല്ലാ മേഖലകളിലും പ്രവർത്തിക്കാനുള്ള നേതൃത്വത്തെ സംഭാവന ചെയ്യുന്നത് ഉന്നത വിദ്യാഭ്യാസരംഗമാണ്. അതുകൊണ്ടുതന്നെയാണ് റെസ്തോഗി കമ്മറ്റിയും യുജിസിയും "മറ്റെല്ലാ തൊഴിലുകളുടെയും മാതാവ്" എന്ന് അദ്ധ്യാപനത്തെ വിശേഷിപ്പിച്ചത്. വി.ജി. ഭിഡെ എന്ന വിദ്യാഭ്യാസചിന്തകന്റെ വാക്കുകൾകൂടി ശ്രദ്ധിക്കുക- "നൂറുമേനി വിളവ് തരാനുള്ള സ്വതസിദ്ധമായ കഴിവ് സർവ്വകലാശാലകൾക്കുമാത്രമേയുള്ളൂ എന്നതിനാൽ വിഭവങ്ങൾ പരിമിതമാകുമ്പോൾ അവയെ സർവ്വകലാശാലകളിൽ നിക്ഷേപിക്കുന്നതാണ് വിവേകം."

ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ചില വെളിപാടുകൾ മാത്രമല്ലെന്ന് ഇന്ത്യയുടെ അവസ്ഥ തന്നെ നമ്മെ കാണിച്ചുതരും. ഇന്ത്യൻ ഹരിത വിപ്ലവവും ബുദ്ധൻ പലതവണ

ചിരിച്ചതുമെല്ലാം ഉന്നതവിദ്യാഭ്യാസരംഗത്ത് മുടക്കിയ മുതലിന്റെ ഫലമാണ്. ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും ഒക്കെ ഉന്നത വിദ്യാഭ്യാസമേഖലയിൽ വമ്പിച്ച മുതൽ മുടക്ക് നടത്താൻ യു.ജി.സി.യെ സഹായിച്ചതിന്റെ അടിസ്ഥാനത്തിലാണ് ന്യൂക്ലിയർ സയൻസിലും കാർഷിക മേഖലയിലുമൊക്കെ സ്വാശ്രയത്വം കൈവരിക്കാൻ നമുക്ക് കഴിഞ്ഞത്. യു.ജി.സി നിയമിച്ച ഡോ. പുന്നയ്യാ കമ്മറ്റി റിപ്പോർട്ടിൽ (1993) ഉന്നതവിദ്യാഭ്യാസം മുതൽമുടക്കിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് സർക്കാർ ഒഴിഞ്ഞുമാറുന്നത് രാജ്യത്തിന്റെ മൊത്തം താൽപര്യത്തിന് ഹാനികരമാണെന്ന് അടിവരയിട്ട് പറഞ്ഞിട്ടുണ്ടെന്നത് ഈയവസരത്തിൽ ഓർക്കേണ്ടതാണ്. ശാസ്ത്രജ്ഞരുടെയും സാങ്കേതിക വിദഗ്ദരുടെയും മറ്റും കാര്യത്തിൽ ഇന്ത്യ ഇന്ന് ലോകത്തിൽ നാലാം സ്ഥാനത്താണ്. ഈയൊരു സ്റ്റാറ്റസ് നമുക്ക് വെറുതെ കിട്ടിയതൊന്നുമല്ല. മുതൽമുടക്കിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയെടുത്ത സ്വാശ്രയത്വത്തിലേയ്ക്കുള്ള ഒരു ജൈത്രയാത്രയുടെ ഫലമാണത്. ചുരുക്കത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം രാഷ്ട്രത്തിന്റെ വികാസപുരോഗതികളെ സാരമായി ബാധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒന്നാണെന്നു വരുന്നു.

ഇത്തരമൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം 98 ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ സർവ്വകലാശാല കോളേജ് അദ്ധ്യാപക സംഘടനകളുടെ ഫെഡറേഷനായ ഐഫെക്ടോയുടെ നേതൃത്വത്തിൽ നടത്തിയ അഖിലേന്ത്യാ പണിമുടക്കിനെ നോക്കിക്കാണാൻ. സമരം ഏതാണ്ട് പൂർണ്ണമായിരുന്നു എന്ന് പറയുമ്പോൾതന്നെ സമരത്തിനാധാരമായ വസ്തുതകൾ വളച്ചൊടിക്കുകയും അദ്ധ്യാപകർ ശമ്പളക്കാര്യം മാത്രം ശ്രദ്ധിച്ചാൽ മതിയോ എന്ന ചോദ്യം ഉയർത്തുകയും ചെയ്തുകൊണ്ടിരുന്ന സാഹചര്യം വിലയിരുത്തപ്പെടേണ്ടതാണ്. അപ്പോൾ കാര്യങ്ങളുടെ നിജസ്ഥിതി എന്താണെന്നറിയുവാൻ ചില വസ്തുതകൾകൂടി അറിയേണ്ടതുണ്ട്.

- യു.ജി.സി. അനുശാസിക്കുന്നതു പ്രകാരം ഓരോ പത്തുവർഷത്തിലും സർവ്വകലാശാല/കോളേജ് അധ്യാപകരുടെ ശമ്പളഘടന പരിശോധിച്ച് പരിഷ്കരിക്കേണ്ടതുണ്ട്.
- ഏറ്റവുമൊടുവിൽ മെഹറോത്ര കമ്മീഷന്റെ ശുപാർശപ്രകാരം 1986-ലാണ് ശമ്പള പരിഷ്കരണം നടന്നത്.
- വീണ്ടും 1996-ൽ പരിഷ്കരിക്കേണ്ടിയിരുന്ന ശമ്പളഘടന അന്ന് പരിഷ്ക്കരിക്കയുണ്ടായില്ല.
- ശമ്പള പരിഷ്കരണത്തിന് 1994 ഓഗസ്റ്റ് 24-ന് യു.ജി.സി ആർ.പി. രസ്തോഗിയെ കമ്മീഷനായി നിയമിച്ചെങ്കിലും റിപ്പോർട്ട് ലഭിച്ചത് 97 മേയിൽ മാത്രമാണ്.
- ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യു.ജി.സി കാര്യങ്ങൾ പഠിച്ച് മാറ്റങ്ങളോടുകൂടി കേന്ദ്രസർക്കാറിന് സമർപ്പിക്കാൻ പിന്നെയും കാലതാമസമുണ്ടായി.
- അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണ ശുപാർശക്ക് യു.ജി.സി. പരിഗണിച്ച കാര്യങ്ങളിൽ പ്രധാനമായ ഒന്ന് അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ ഐ.എ.എസ് വിഭാഗത്തിന് തുല്യമോ അതിലധികമോ ആവണം എന്നതാണ്. ഇതിനുകാരണമായി ചില വസ്തുതകൾകൂടി യു.ജി.സി. ചൂണ്ടിക്കാണിക്കുന്നുണ്ട്.

- ഐ.ഏ.എസ്സുകാരെ അപേക്ഷിച്ച്, വളരെക്കാലം കഴിഞ്ഞേ അദ്ധ്യാപകർക്ക് തൊഴിലിൽ പ്രവേശിക്കാൻ കഴിയുകയുള്ളു.
- എം.ഫിൽ, പി.എച്ച്.ഡി പോലുള്ള ഉന്നത ബിരുദങ്ങൾ ഉള്ളവരാണ് അദ്ധ്യാപകർ.
- രാഷ്ട്രത്തിന്റെ ചിന്താസംഭരണി (Think-Tank) യാണ് അദ്ധ്യാപകർ.
- കൂടുതൽ കഴിവുള്ള അദ്ധ്യാപകർ തൊഴിലിലേയ്ക്ക് ആകർഷിക്കപ്പെടേണ്ടതും നിലനിർത്തപ്പെടേണ്ടതും ഉന്നത വിദ്യാഭ്യാസത്തിന്റെ നന്മയ്ക്ക് അത്യാവശ്യമാണ്.

താരതമ്യേന അനാകർഷകമായ പദവിയാണ് ഇന്ന് അദ്ധ്യാപകർക്കുള്ളത് എന്നതുകൊണ്ട് സ്വാഭാവികമായും മെഡിസിൻ, എൻജിനീയറിംഗ്, ഐ.എ.എസ്. തുടങ്ങിയ കൂടുതൽ ആകർഷകമായ മേഖലകളിലേയ്ക്കാണ് കൂടുതൽ കഴിവുള്ളവർ എത്തിപ്പെടുന്നത്. ഇത്തരമൊരൊഴുക്കിനെ ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് തിരിച്ചുവിടണമെങ്കിൽ അധ്യാപകന് ലഭിക്കുന്ന പദവി കൂടുതൽ മെച്ചപ്പെട്ടതായിരിക്കണം. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ അദ്ധ്യാപകനു ലഭിക്കുന്ന പദവി നിർണയിക്കുന്നുണ്ടെന്നർത്ഥം.

എന്നാൽ, യു.ജി.സി. നൽകിയ നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ തള്ളിക്കളഞ്ഞു. അതുകൊണ്ടാണ് സമരം അനിവാര്യമായത്.

യു.ജി.സി വെറുമൊരു നോക്കുകുത്തിയായിക്കൂട. പ്രതിഭകളെ ആകർഷിച്ചുനിർത്തി ഉന്നത വിദ്യാഭ്യാസത്തിന് മുഖശോഭ കൂട്ടണമെന്ന നിർദ്ദേശം രാജ്യത്തിന്റെ വികസനത്തിന്റെ ആധാരശിലയാകണം സമരത്തെ പ്രതികൂലിച്ചവർ പ്രചരിപ്പിക്കുന്നതുപോലെ ഇപ്പോൾ നടത്തിയ സമരം സാമ്പത്തിക നേട്ടത്തെമാത്രം ലാക്കാക്കിയുള്ളതോ അദ്ധ്യാപക സമൂഹത്തെ വഞ്ചിച്ചുകൊണ്ടുള്ളതോ ആയ ഒന്നായിരുന്നില്ല. സമരഫലമായുണ്ടായ ഒത്തുതീർപ്പുവ്യവസ്ഥകളിലൂടെ കടന്നുപോകുമ്പോൾ ഇക്കാര്യം മനസ്സിലാകും. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുവാൻ പര്യാപ്തമായ വ്യക്തമായ വ്യവസ്ഥകൾ അവിടെയുണ്ട്. അദ്ധ്യാപനത്തിന്റെ വികസനത്തിന് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകാനായി ഒരു പദ്ധതി തയ്യാറാക്കും എന്നതാണ് വ്യവസ്ഥകളിൽ ഒന്ന്. ഇന്ന് നിലവിലുള്ള ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (FIP) മിലൂടെ വളരെ ചുരുക്കം അദ്ധ്യാപകർക്കുമാത്രമേ ഉപരി പഠനം സാദ്ധ്യമാവുന്നുള്ളു. ഗവേഷണം നടത്തുന്ന മുഴുവൻ അദ്ധ്യാപകർക്കും ഭാവിയിൽ, ധനസഹായമുൾപ്പെടെ മുഴുവൻ സഹകരണവും നൽകാനുള്ള പദ്ധതി യു.ജി.സി.യുമായി ആലോചിച്ച് നടപ്പാക്കുമെന്നാണ് അവിടെ പറയുന്നത്. ശമ്പള പരിഷ്കരണത്തിൽ ഒരിടത്തും വരാതിരുന്ന ഇത്തരമൊരു വ്യവസ്ഥ നേടിയെടുക്കാൻ കഴിഞ്ഞു എന്നതുതന്നെയാണ് ഏറ്റവും പ്രധാനം. കർണ്ണാടകയിലെ മൾട്ടിഡിസിപ്ലിനറി പഠനകേന്ദ്രത്തിന്റെ തലവനായ ഡോ. പഞ്ചമുഖിയുടെ- "നല്ല ഉപരി വിദ്യാഭ്യാസപദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്ന അക്കാഡമീഷ്യന്മാർ വിദ്യാഭ്യാസമേഖലയുടെ മാത്രമല്ല സമ്പദ്ഘടനയുടെ സമസ്ത മേഖലകളുടെയും പ്രശ്നപരിഹാരത്തിന് കെൽപ്പുള്ളവരായിരിക്കും" എന്ന വാക്കുകൾ ഇവിടെ കൂടുതൽ പ്രസക്തമാകുന്നു. അതുകൊണ്ട് പ്രതിഭകളെ ആകർഷിക്കുകയും നിലനിർത്തുകയും കൂടുതൽ

കരുത്തുറ്റവരാക്കുകയും ചെയ്യേണ്ടത് രാഷ്ട്രപുരോഗതിക്ക് അനിവാര്യമായ ഒന്നാണ്.

ഒത്തുതീർപ്പ് വ്യവസ്ഥകളിൽ പ്രധാനമായ മറ്റൊന്ന് പ്രഗൽഭരായ അദ്ധ്യാപകരെ ആദരിക്കും എന്നതാണ് ഗവേഷണ ബിരുദങ്ങൾ ഒന്നുമില്ലെങ്കിലും മുതിർന്ന തലമുറയിലെ പല അദ്ധ്യാപകരും അക്കാദമിക് രംഗത്ത് മികച്ച സംഭാവനകൾ നൽകിയിട്ടുള്ളവരാണ്. എളിയ ജീവിതവും ഉയർന്ന ചിന്തകളും കർമ്മോത്സുകതയും കൊണ്ട് വിദ്യാർത്ഥി തലമുറകളെ ആവേശം കൊള്ളിച്ച ഈ ഗുരുജനങ്ങൾ രാഷ്ട്രത്തിന്റെ ആദരവിന് അർഹരാണ്. യുവ അദ്ധ്യാപകർക്ക് ഈ ഗുരുജനങ്ങൾ എക്കാലവും മാതൃകയാണ്. ഇവരെ സമാദരിക്കാനുള്ള ഒരു കർമ്മ പദ്ധതി യു.ജി.സി. ഐഫെക്ടോയുമായി ആലോചിച്ച് ഉടൻ നടപ്പാക്കുമെന്നാണ് വ്യവസ്ഥയിൽ പറയുന്നത്.

അദ്ധ്യാപകരുടെ സേവനവേതനവ്യവസ്ഥകൾ സംരക്ഷിക്കാൻ എകെപിസിടിഎ പ്രതിജ്ഞാബദ്ധമാണെന്ന് പറയുമ്പോൾതന്നെ ഉന്നത വിദ്യാഭ്യാസമേഖലയുടെ പുനസംഘാടനത്തിനും ഗുണപരമായ മാറ്റത്തിനും കൂടിയാണ് നിലകൊള്ളുന്നതെന്ന കാര്യം വിസ്മരിക്കാൻ കഴിയില്ല. രണ്ടിനും തുല്യപ്രധാന്യം നൽകുന്ന പ്രസ്ഥാനമാണ് എകെപിസിടിഎ. മേൽപ്പറഞ്ഞ വസ്തുതകളും വിശകലനങ്ങളും ശ്രദ്ധിക്കാതെ ഏ.കെ.പി.സി.ടി.ഏ യെ ഒരു സമരസംഘടനമാത്രമായി കാണുന്ന പ്രവണത ഇന്നുമുണ്ട്. ഏ.കെ.പി.സി.ടി.ഏയ്ക്ക് ഒരു വിദ്യാഭ്യാസനയം ഉണ്ട് എന്ന കാര്യം അറിയാത്തവരാണ്. ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നത്. കഴിഞ്ഞ നാലഞ്ചുവർഷത്തെ കഠിന പ്രയത്നത്തിന്റെ ഫലമായി കൃത്യമായ ഒരു വിദ്യാഭ്യാസനയം രൂപീകരിക്കാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മാനവികതയിലൂന്നുന്ന വിദ്യാഭ്യാസദർശനത്തിൽ നിന്നുകൊണ്ടാണ് സംഘടന പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ പുനസംഘാടനത്തിലും കോഴ്സുകളുടെ രൂപപ്പെടുത്തലിലും വോക്കേഷണൽ കോഴ്സുകളുടെ സംവിധാനത്തിലും ഒക്കെ സജീവമായ ശ്രദ്ധ പതിപ്പിക്കുന്ന സംഘടനയാണിത്. സംഘടനയ്ക്ക് ഒരു അക്കാദമിക് കമ്മിറ്റിയും പ്രവർത്തന ശൈലിയും ഉണ്ട്. കഴിഞ്ഞ വർഷങ്ങളിലെ അക്കാദമിക് പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് കോഴ്സുകളുടെ പുനസംഘാടനത്തിനുള്ള രൂപരേഖ കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും വിദ്യാഭ്യാസമന്ത്രിക്കും സംഘടന നൽകുകയുണ്ടായി. ഇതിന്റെ ചുവടു പിടിച്ചാണ് സർവ്വകലാശാലകൾ കോഴ്സ് പുനസംഘാടനം നടത്തിയെന്നത് ഒരു രഹസ്യമല്ല. ഇത്തരം രേഖകളെ കാണാൻ തയ്യാറാകാതെ ശമ്പള വർദ്ധനവ് മാത്രമാണ് അദ്ധ്യാപകരുടെ താൽപര്യമെന്ന് മുൻ വൈസ്ചാൻസലർമാരടക്കം പറഞ്ഞു എന്നത് ഖേദകരമാണ്.

യൂ.ജി.സി. പാക്കേജ് ഒരു ശമ്പളപ്പാക്കറ്റ് മാത്രമായിരിക്കണമെന്ന് ഏ.കെ.പി.സി.ടി.എ. ആവശ്യപ്പെടുന്നില്ല. മുൻകാലങ്ങളിൽ പാക്കേജ് നടപ്പാക്കാതെ പോയതിനുള്ള ഉത്തരവാദിത്വം സർക്കാരിനും സർവ്വകലാശാലകൾക്കും സ്വകാര്യമാനേജുമെന്റുകൾക്കും ഉണ്ടെന്ന കാര്യം യു.ജി.സി തന്നെ സമ്മതിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തെറ്റുകൾ തിരുത്തണമെന്ന് യൂ.ജി.സി പറയുന്നു. റിഫ്രഷർ കോഴ്സുകളുടെ ഉദാഹരണമെടുക്കാം. അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നിർബന്ധമാണ്. എന്നാൽ അതിനു വേണ്ടത്ര സൗകര്യം ഇന്ന് സർവ്വകലാശാലകളിലില്ല. അഥവാ സൗകര്യങ്ങളുണ്ടെങ്കിൽ തന്നെ റിഫ്രഷർ കോഴ്സുകൾക്ക് യൂ.ജി.സി. ഉദ്ദേശിക്കുന്നത്ര ഗൗരവം സർവ്വകലാശാലകൾ നൽകാറില്ല. അതുകൊണ്ടുതന്നെ ദിവസങ്ങളുടെ എണ്ണം തികയ്ക്കാനുള്ള ഒരു സർട്ടിഫിക്കറ്റ് ചടങ്ങായിത്തീരുന്നു റിഫ്രഷർകോഴ്സുകൾ. അക്കാദമിക് നിലവാരം ഉയരാനുള്ള യാതൊരു സാദ്ധ്യതയും ഇന്നത്തെ നിലയിൽ ഇത്തരം കോഴ്സുകൾകൊണ്ട് ഉണ്ടാകുന്നില്ല.

പുതിയ കോഴ്സുകൾ നടപ്പാക്കുമ്പോൾ പരീക്ഷാ സമ്പ്രദായങ്ങളിൽ കൂടി മാറ്റം വരുത്തണമെന്ന് ഏ.കെ.പി.സി.ടി.എ പറയുന്നു. ഇന്റേണൽ അസസ്സ്മെന്റും സെമസ്റ്റർ സിസ്റ്റവും കോളേജുകളിൽ നടപ്പാക്കണമെന്നുള്ള ഏ.കെ.പി.സി.ടി.എ നിർദ്ദേശത്തോട് വിദ്യാർത്ഥി സമൂഹവും മറ്റും ഏത് രീതിയിലാണ് പ്രതികരിക്കുന്നത് എന്നറിയാൻ താൽപര്യമുണ്ട്.

അദ്ധ്യാപക നിയമനത്തിന് യൂ.ജി.സി. ആവിഷ്ക്കരിച്ച നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (NET) സ്വാഗതം ചെയ്ത സംഘടനയാണ് ഏ.കെ.പി.സി.ടി.എ. ഇന്ന് NET പാസ്സാകാത്തവർക്ക് അദ്ധ്യാപകരായി നിയമനം ലഭിക്കുകയില്ല. നിലവിലിരിക്കുന്ന സമ്പ്രദായംകുറേക്കൂടി പരിഷ്കരിച്ച് കൂടുതൽ പ്രഗൽഭരെ വിദ്യാഭ്യാസമേഖലയിലേക്ക് ആകർഷിക്കുന്നതിന് എല്ലാ പിന്തുണയും നൽകാൻ ഏ.കെ.പി.സി.ടി.എ തയ്യാറാണ് .

ലാഘവത്തോടെ കാണേണ്ട ഒന്നല്ല യൂ.ജി.സി. പരിഷ്കാരം. യൂ.ജി.സി. എന്നത് പച്ചമരുന്നോ അങ്ങാടിമരുന്നോ എന്നറിയാതെ തോന്നുന്നരീതിയിൽ വ്യാഖ്യാനിച്ച് അഭിപ്രായ പ്രകടനം നടത്തുന്ന, ഇന്ന് നിലവിലിരിക്കുന്ന പ്രവണത ആശാസ്യമല്ല അദ്ധ്യാപകർ പണിയെടുക്കുന്നില്ലെന്നും മറ്റു താൽപര്യങ്ങളാണവരെ ഭരിക്കുന്നതെന്നും മറ്റുമുള്ള ആരോപണങ്ങൾ എന്തടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. പണിയെടുക്കാത്തവരോ മറ്റു താൽപര്യങ്ങളുള്ളവരോ മറ്റു മേഖലകളിലെന്നപോലെ അദ്ധ്യാപനമേഖലയിലും കണ്ടേക്കാം. പക്ഷേ, കാടടച്ച് വെടിവെച്ചാൽ നഷ്ടം സമൂഹത്തിന് തന്നെയാണ്. അല്ലെങ്കിൽ അനർഹരായവർ ഈ മേഖലയിൽ കടന്നുകൂടിയതിന്റെ ഉത്തരവാദികൾ ആരാണ്? എവിടെയൊക്കെ വീഴ്ചകളും ദൗർബല്യങ്ങളും ഉണ്ടെന്ന് കണ്ടെത്തി പരിഹരിക്കേണ്ടതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും യൂ.ജി.സിയും സർവ്വകലാശാലയും സർക്കാരും സമൂഹവും ഒഴിവാകരുത്. യൂ.ജി.സിയുടെ പാക്കേജ് നടപ്പാക്കാൻ ആരാണ് തടസ്സം നിൽക്കുന്നത്. യൂ.ജി.സിയും സർവ്വകലാശാലകളും സർക്കാരും മാനേജ്മെന്റും ചങ്കൂറ്റത്തോടെ ആ വഴിക്ക് നീങ്ങട്ടെ-തീർച്ചയായും ഏ.കെ.പി.സി.ടി.എ അതിനോടൊപ്പമുണ്ടാകും. ❑

# KERALA SERVICE RULES AT A GLANCE - 5

**Sreemandiram**

Leave-general conditions:- i. The power to grant study leave and Leave without Allowance (LWA) for more than 4 months at a stretch rests with government. The power to grant leave of all other kinds has been vested with government officers as per delegation of powers 2. Leave cannot be claimed as a matter of right. 3. The power to grant or reject the leave applied for rests with the authority competent to grant leave (R. 65). But, the applicant alone is competent to alter the nature of leave applied for (Note below R. 65) 4. If a period of leave sanctioned ends in the afternoon of a working day and it is followed by public holiday or holidays, then the officer has to join duty only in the forenoon of the working day after the holiday or holidays. Likewise, when holidays are prefixed to leave granted, the officer to whom leave is granted can relinquish charge in the afternoon of the working day previous to the holidays. In short, holiday or holidays may prefix, suffix or both prefix and suffix to leave provided the total period of leave plus holiday or holidays prefixed or suffixed or both prefixed and suffixed need not exceed the maximum limit of that leave alone which can be sanctioned at a stretch. Eg:- *A Temporary officer having less than 3 years service applied for leave without allowance for 3 months from 3.6.98. September 3 to 6 public holidays. Please mention the date on which he has to join duty after leave?*

Here, the officer is not permanent. He has less than 3 years service only. Permanent officers and non-permanent officer who have continuous service for more than 3 years alone are eligible for leave without allowance for more than 3 months at a time. So, the maximum limit of the leave without allowance that can be granted to this officer is 3 months. The period of leave plus public holidays prefixed or suffixed or both prefixed and suffixed need not exceed 3 months. If the total period of leave plus public holidays exceed the maximum limit of 3 months, the officer becomes, not eligible for the public holidays to be combined with leave. A period of 3 months from 3-6-98 ends on 2.9.98. If the period of 4 days from 3 to 6-9-98 is allowed to suffix the leave granted, the total period of L.W.A. plus public holidays exceeds the maximum limit of 3 months. So, he has to join duty on2-9-98 afternoon after leave. But if the leave was for the period from 7-6-98 to 2-9-98 (2 months and 27 days), he would have been eligible for the public holidays from 3-7-98 to 6-9-98 to be combined with leave. Though his period of LWA has ended on 2-9-98 afternoon, he had to join duty only on 7-9-98 forenoon, as the period of leave plus holidays does not exceed the maximum limit of 3 months.

There is one more condition for prefixing or suffixing holidays to leave or vacation. Subtitute arrangements should not be made for those holidays or vacation prefixed or suffixed or both suffixed and prefixed to leave, or vacation avail of by the officer. So, if there was a substitute working in the leave vacancy, to which half days or vacation are suffixed he should be relieved with effect from the afternoon of the day on which the period of leave of the Officer ends. In case of holidays prefixing, the substitute arrangements may be made only from the forenoon of the beginning of the leave of the officer. In short, the substitute arrangement may be made for the period of leave alone, and not to cover the period of public holidays or vacation prefixed, suffixed or prefixed and suffixed . (Rule 68 (a) and (b) 5. An officer on leave may not take any service or accept any employment without prior sanction of competent authority (R. 69). 6. If an officer to whom leave is granted is compulsorily recalled to join duty before the expiry of leave, he will be treated as on duty from the date on which he starts from his place of residence during the period of leave to the station at which he has to join duty. He is eligible for T.A. also for the journey period. Though treated as duty, he will be paid leave salary only for the journey period (R70). If joining is only optional, he is not eligible for the concession. 7. An officer on

leave on medical certificate has to produce a certificate of fitness when rejoining duty after leave. The fitness certificate should be in the prescribed form issued by a Medical officer not below the rank of an Assistant surgeon or the Director of Indigenous medicine (R. 71). (The prescribed forms of Medical certificate to be produced in support of the application for leave for medical treatment, and that of the fitness certificate are available under R. 117 and R. 71 respectively of part I, (K.S.R) 8. In the case of a nongazatted officer, the fitness certificate issued by a registered medical practitioner can be accepted by the competent authority at his discretion (Note below R. 71). 9. An officer on leave need not return to duty before expiry of leave without the previous permission of the authority who granted the leave (R. 77 (1). (The officer to whom leave is granted can be permitted to rejoin duty at any time at his request by the competent authority who granted it, after cancelling the unavailed portion of leave granted. But, if permitted, the substitute arrangement, if any, against the leave vacancy should also be revised relieving the substitute with effect from the day previous to the date from which portion of the leave is cancelled). 10 Leave granted under Appendix XII A (leave without allowance granted to take up private employment in India or abroad) XII. B (L.W.A. for more than 3 months granted to non permanent employees who have only less than 3 years continuous service, for study purpose) and XII C (L.W.A. granted to join spouse on leave granted under Appendix XII A) need not be combined with any other kind of leave or vacation.

Any leave can be combined with another leave (R. 73) Earned leave can be combined with Half pay leave, commutted leave or leave without allowance (except that granted under Appendix XIIA, XII B or XII C) 12. Vacation can be combined with leave. But, there is a restriction that the total period of leave Plus vcation need not exceed the limit of that leave alone admissible at a stretch. (Rule 74 and Govt. Decisions 1 and 2). Maximum earned leave admissible at a stretch is 180 days under normal circumstances and 240 days when availed of or surrendered preparatory to retirement. When a period of 65 days vacation is combined with Earned leave, the maximum period of earned leave that can be combined has to be limited to 115 days (ie 180 days minus 65 days). But if half pay leave or commuted leave or leave without allowance or all of them are combined then also this restriction has to be imposed ie out of the total period, the portion of earned leave that can be combined has to be limited to 115 days (ie 180 days minus 65 days). Regarding half pay leave and commuted leave, it can be granted up to any period subject to availability in the leave account of the officer. Leave without Allowance under normal circumstances is admissible up to 5 years at a stretch. But, vacation is not permitted to be combined with LWA granted as per provisions contained in Appendix XIIA, XIIB and XII C, K.S.R. Vol I. (Govt. Decision no. 3 under R. 74). Please note that in the case of all other leave, it can prefix, suffix or both prefix and suffix to holidays or vacation subject to the restriction regarding the total period of leave plus vacation. 13. Any leave, except earned leave, once granted can be retrospectively changed into any other kind of leave admissible to the officer at the time the original leave is granted (R. 76). Eg. *An Officer was granted Earned Leave for 90 days, half pay leave for 80 days and leave without allowance for 30 days (altogether 200 days) from 1-4-97 to 17-10-97. Subsequently, on 5-12-97, he requested the competent authority to commute the whole period into leave without allowance. Is it admissible as per rules?*

Any leave, except EDL, can be committed with restrospective effect. As there is no provision to change the EDL already granted, to any other leave, the request of the officer to change the EDL already granted cannot be agreed to. But, there is no objection converting the HPL of 80 days into LWA as requested by the officer. When the conversion is permitted, the leave for which the officer is eligible at the time the leave was granted (and not at the time the leave is converted into some other kind subsequently) alone can be granted instead. As the officer was granted HPL for 80 days, it is evident not he has put in not less than 4 years service. Permanent officers or non permanent officers having service for 3 years or more can be granted LWA for more than 90 days at a stretch. So, the HPL for 80 days already granted to him can be converted into LWA for 80 days as requested for by him.

*(will be continued)*

# THE ECONOMIC FOCUS

**Dr. P.S. Mohana Kumar,** Sree Sankara College, Kalady

## Intellectual Property Rights (IPR)

The Indian Parliament has to pass all laws related to IPR by December 1999 to meet the commitments under IPR. The important IPR laws are the following.

a) Trade mark: The upgraded Trademark Act covers service sector also. The entire service Industry (Banks, Insurance companies, Hospital etc) can register its logos and other marks to retain its identity. Collective trade marks can also be registered eg. Kolhapuri trade mark of all makers of footwear from Kolhapur town.

b) Geographical Industries: This law allows a country to register all products where their quality, reputation, or other characteristics are essentially attributable to their geographical origin. eg. Basumati rice, Aranmula Mirror etc.

c) Industrial Design: This law provides for the protection of independently created industrial designs that are new or original.

d) Lay out design of integrated circuits: It is crucial to the development of electronic industry (eg. Technopark, Thiruvananthapuram) The design of the connections within the circuit determines the efficiency and the capability of the circuit.

e) Trade Secrets: At present, India does not have any Trade Secret Act. This will allow one to register and protect formulas, designs or processes so that the firm will have no obligation to reveal its secret. eg. Coca-Cola has covered the basic formula of its drink under this law.

The Government has already taken initiative to enact these laws without delay. The Patent Amendment Bill proposed in the Rajya Sabha in 1995 was defeated due to prevailing controversy over Patent laws. India recently lost both a case, brought against it by the United States in the WHO and its own appeal against the WHO's initial ruling, mainly because of Indias' failure to amend the patent law.

## Foreign Institutional Investment (FIIs)

As a part of liberalised policy since 1991, the Government of India allowed FIIs to invest India mainly to attract foreign capital. FIIs include institutions such as pension funds, mutual funds, investment trusts, asset management companies, institutional portfolio managers etc. FIIs can invest in all shares and securities listed on the stock exchange in India, after obtaining approval from RBI under Foreign Exchange Regulation Act of 1973.

They are also required to obtain registration from Securities and Exchange Board of India (SEBI). FIIs investment in debt instruments should not exceed 30 percent of the total investment. Portfolio investment is subject to the condition that total foregin holidays should not exceed 24 percent of its issued share capital. As per SEBI 1995 amendment FIIs can invest upto 10 percent in the equity of any company, invest in unlisted companies and in debt securities without any requirement for investment in equity. The list of eligible FIIs was expanded to include endowment funds, University funds, foundations and charitable funds with good track record.

FIIs net investment in 1996-97 stood at US$ 2032.8 million. It was only 1634.1 million dollar at the end of March 1994.

## Trade Sanctions

The United States imposed sanctions on India as a result of the nuclear test conducted in May 1998. It is to force India to halt further nuclear tests and to sign the Comprehensive Test Ban Treaty (CTBT) and to co-operate in Fissile Material Cut-off Treaty (FMCT) negotiations in Geneva. The important measures envisaged in the "Sanction" order are the following.

1) Termination/Suspension of foregin assistance

except of humanitarian assistance, food and agricultural commodities.

2) $21 million development assistance suspended.

3) $6 million Greenhouse Gas program suspended

4) Trade Development Agency will not consider new projects.

5) Suspended delivery of defence articles to India.

6) Terminated Foregin Military sales and revoked licenses for the commercial sale of any item on the US Munitions List.

7) Postponed consideration of Non-basic Human Needs loans by International Financial Institutions.

8) $1.17 billion in IFI lending postponed.

9) Prohibiting US banks from extending loans or credits to the government of India.

10) Will deny export of all dual-use items for nuclear or missile reasons.

11) Will continue to favourably consider on a case-by-case basis other transactions which do not support nuclear, missile or inappropriate military activities.

## Non-Performing Assets (NPA)

Efficiency, productivity and profitability are the main aims of banking industry. The main factor which affects the profitability is the presence of Non-Performing Assets. An asset is considered as NPA if both interest and principal is past due (ie due date after 30 days) for more than two quarters. In the first year it there is no recovery it is termed as "Sub-standard asset first Year". In the subsequent year it will become "Sub-standard asset Second Year" If there is no recovery during the third year also, the asset will be treated as "Doubtful First Year" thereafter, this will be treated as 'loss asset'. Loss asset will be very heavy burden to banks, since NPA accounts do not generate any income. The alarming quantity of NPA has affected the profitability of Indian banks. NPAs are calculated in terms of percentage of total loans. The profitability of banks is limited by the amount of non performing assets. The NPA level of banks in various countries are given below

| | | |
|---|---|---|
| India : | | 17% |
| Mexico | : | 12.5% |
| Argentina | : | 9.4% |
| Indonesia | : | 8.8% |
| Malaysia | : | 3.9% |
| Japan | : | 3.4% |
| USA : | | 1.1% |
| Korea | : | 0.8% |

The Narasimham Committee report of 1992, enunciated the importance of setting up an "Asset Reconstruction Fund (ARF)" to deal with the bad loans of the public sector banks. The committee also suggested the setting up of special Debt Recovery Tribunals [DRTs] to expedite recovery of bank dues. The Tarapore Committee [1997] has also suggested that as one of the pre-conditions for full convertibility of the rupee on capital account gross NPAs should be reduced to 5% by the year 2000

## India to remove import Restrictions

To boost co-operation with fellow SAARC nations, India decided to lift import curbs over 2000 products on a preferential basis from August 1, 1998. It will substantially increase opportunities for SAARC nations (India, Pakistan, SriLanka, Bangladesh, Nepal, Bhutan, Maldives) to access Indian market and increase their exports. To maintain balance of payment, India has imposed quantitative restrictions (QR) an imports of about 2700 items. India has also offered to phase it out over a 6 year period under the WTO agreement on protests from developed countries. This pact was signed by India with the European Union and Australia on 13th November, 1997 at Geneva. Under the WTO agreement, India, will remove import restrictions in three stages. The first stage consists of two years and the final stage consists of only one year. In the first stage India will remove restrictions on 177 items and 208 products in the second stage. In the third phase restrictions on remaining items will also be removed. The phase-out plan will be on a most favoured nation basis.

❑

# ശാസ്ത്രജാലകം

ഡോ. എം.ആർ. സുദർശന കുമാർ, രസതന്ത്രവിഭാഗം, എം.ജി. കോളേജ്, തിരുവനന്തപുരം

## ഉയർന്ന ഊഷ്മാവിലെ സൂപ്പർകണ്ടക്ടിവിറ്റി[1]

ഡച്ചു ശാസ്ത്രജ്ഞനായ Heike Kamerlingh Onnes ആണ് സൂപ്പർ കണ്ടക്ടിവിറ്റിയുടെ ഉപജ്ഞാതാവ്. നാലു കെൽവിനിൽ (-269°C) താഴെ തണുപ്പിക്കുമ്പോൾ മെർക്കുറി വൈദ്യുതപ്രവാഹത്തിന് പ്രതിരോധമേൽപ്പിക്കുന്നില്ലെന്ന് അദ്ദേഹം 1911-ൽ കണ്ടെത്തി. ഈ കണ്ടെത്തലിന് 1913-ലെ ഭൗതികശാസ്ത്രത്തിലെ നോബൽ സമ്മാനം അദ്ദേഹത്തിനു ലഭിച്ചു. Alex Muller, George Bednorz എന്നീ ശാസ്ത്രജ്ഞർ ബേരിയവും ലാൻതനവും ചേർന്ന കോപ്പർ ഓക്സൈഡ് സിറാമിക്സ് 35 കെൽവിനിൽ (-283°C) സൂപ്പർ കണ്ടക്ടിവിറ്റി പ്രദർശിപ്പിക്കുമെന്ന് കണ്ടെത്തിയതാണ് ഉയർന്ന ഊഷ്മാവിലെ സൂപ്പർ കണ്ടക്ടിവിറ്റി ഗവേഷണത്തെ ത്വരിതപ്പെടുത്തിയത് ഈ കണ്ടെത്തലിന് അവർ 1987-ലെ നോബൽ സമ്മാനാർഹരായി. 133 കെൽവിനിൽ (-140°C) സൂപ്പർ കണ്ടക്ടിവിറ്റി പ്രദർശിപ്പിക്കുന്ന 1993-ൽ കണ്ടുപിടിച്ച മെർക്കുറി-ബേരിയം-കാൽസിയം- കോപ്പർഓക്സൈഡാണ് ഇപ്പോൾ ഏറ്റവും ഉയർന്ന ഊഷ്മാവിൽ സൂപ്പർ കണ്ടക്ടിവിറ്റി കാണിക്കുന്നത്. ഈ പദാർത്ഥം തന്നെ ഉയർന്ന മർദ്ദത്തിൽ 164 കെൽവിനിൽ (-109°C) സൂപ്പർ കണ്ടക്ടിവിറ്റി പ്രദർശിപ്പിക്കുമെന്ന് Jean Pierre Locquet ഈയിടെ കണ്ടെത്തി. ലാൻതനവും സ്ട്രോൺഷ്യവും കോപ്പറും അടങ്ങിയ തിൻ ഫിലുമുകളിൽ സൂപ്പർകണ്ടക്ടിവിറ്റി പ്രദർശിപ്പിക്കുന്ന ഊഷ്മാവ് 25 കെൽവിനിൽ നിന്നും 49 കെൽവിനിലേക്ക് ഉയർത്താനവർക്കു കഴിഞ്ഞു. മറ്റു പദാർത്ഥങ്ങളിലിതു പ്രായോഗികമാകുയാണെങ്കിൽ 200 കെൽവിനിലും (-70°C) സൂപ്പർകണ്ടക്ടിവിറ്റിയുള്ള പദാർത്ഥങ്ങൾ രൂപകല്പന ചെയ്യാൻ സാധിക്കുമെന്നവർ അവകാശപ്പെടുന്നു.

## വിനാശകാരിയായ രോഗപ്രതിരോധനയം[2]

തെറ്റായ രോഗപ്രതിരോധ നയമാണ് ഇന്ത്യയിലെ ആയിരക്കണക്കിന് കുട്ടികൾ പോളിയോ വന്നു തളർന്നു പോകുവാൻ ഇടയാക്കിയതെന്ന് ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സിന്റെ പ്രസിഡന്റായ ഡോ. തെക്കേക്കര ജേക്കബ് ജോൺ അഭിപ്രായപ്പെട്ടു. ലോകാരോഗ്യസംഘടനയുടെ ഉപദേശപ്രകാരം ഇന്ത്യൻ സർക്കാർ തുടർന്നുവന്ന പോളിയോ പ്രതിരോധ പദ്ധതി ഇന്ത്യൻ സാഹചര്യങ്ങൾക്കനുയോജ്യമായിരുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 1970-ലാണ് മൂന്ന് പോളിയോ ഡോസുകൾ നല്കുന്ന രീതി നിലവിൽ വന്നത്. എന്നാൽ ഉഷ്ണമേഖലാ രാജ്യമായ ഇന്ത്യയിലെ വന്യപോളിയോ വൈറസുകളെ (Wild Polio viruses) തടയുവാൻ അത് അപര്യാപ്തമായിരുന്നു. അതുകൊണ്ടുതന്നെ എൺപതുകളിൽ വേണ്ടത്ര പ്രതിരോധം ലഭിക്കാത്തതിനാൽ നൂറുകണക്കിന് കുട്ടികൾക്ക് പോളിയോ ബാധയുണ്ടായി. വന്യ പോളിയോ വൈറസിൽ നിന്നും സംരക്ഷണം കൊടുക്കാതെ നല്കിയ ഡി.റ്റി.പി. കുത്തിവെപ്പും പോളിയോ രോഗബാധയുണ്ടാകുവാൻ കാരണമായി. 1981-ൽ 36,000 പോളിയോ കേസുകൾ റിപ്പോർട്ട് ചെയ്തിരുന്നത് 1995-ൽ 8000 ആയി കുറഞ്ഞിട്ടുണ്ട്. പക്ഷേ മൂന്നിലൊരു കേസുകൾ മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളൂ എന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് നടത്തിയ ഒരു പഠനം വെളിപ്പെടുത്തിയിട്ടുണ്ട്. 'പത്തുകൊല്ലം മുമ്പ് പോളിയോ നമ്മുടെ രാജ്യത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യുവാനാകുമായിരുന്നു. ഇനി 2000-ൽ പോലും അതു സാദ്ധ്യമാകുമോ എന്നു സംശയമാണ്.' ഡോ. ജോൺ അഭിപ്രായപ്പെട്ടു.

## കാറ്റലിറ്റിക് കൺവെട്ടറുകൾ ഗ്രീൻ ഹൗസ് എഫക്ടിനു കാരണമാകുന്നു![3]

1990-നും 1996-നും ഇടയ്ക്ക് അമേരിക്കയിൽ മോട്ടോർ വാഹനങ്ങൾ പുറത്തുവിടുന്ന നൈട്രസ് ഓക്സൈഡിന്റെ അളവ് 49% വർദ്ധിച്ചു. മോട്ടോർ വാഹനങ്ങളിൽ ഘടിപ്പിച്ച കാറ്റലിറ്റിക് കൺവെർട്ടറുകളാണ് ഇതിന് കാരണമായത്. വളരെ ചെറിയ അളവിൽ മാത്രമാണ് നൈട്രസ് ഓക്സൈഡ് പുറത്തു വിടുന്നത്. എങ്കിലും ചൂട് ആഗിരണം ചെയ്യുവാൻ കാർബൺ ഡയോക്സൈഡിനേക്കാൾ മൂന്നൂറിരട്ടി കഴിവ് നൈട്രസ് ഓക്സൈഡിനുണ്ട്. അമേരിക്കയിൽ ചൂടുകൂട്ടുന്ന വാതകങ്ങളിൽ ഏഴു ശതമാനത്തിനും കാരണമാകുന്നത് നൈട്രസ് ഓക്സൈഡാണ്! കാറ്റലിറ്റിക് കൺവർട്ടറുകൾ കാർബൺമോണോക്സൈഡ്, ഹൈഡ്രോകാർബണുകൾ ഇവയെ നീക്കി വായുമലിനീകരണം കുറയ്ക്കുമെങ്കിലും പുറത്തുവിടുന്ന നൈട്രസ് ഓക്സൈഡ് ഗ്രീൻഹൗസ് എഫക്ടിനു കാരണമാകുന്നു!

## തലമുടിയും എണ്ണയും പാഴാക്കണ്ട![4]

